# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26.

## G.U.P.S. MALAKKAPARA

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാ ശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായന ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്ര പോഷണ പരിപാടി
6. ലബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം, SS
7. ലൈബ്രറി ശാക്തീകരണം
8. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
9. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
10. പ്രവൃത്തി പരിചയ പരിശീലനം
11. കലാ പരിപോഷണം
12. പച്ചക്കറിത്തോട്ടം
13. പഠനോപകരണ ശില്പശാല
14. മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ
15. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
16. കായിക ശേഷി വികസനം
17. ഐ.ടി. പഠനം
18. ശാസ്ത്ര, ഗണിത ശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ

19. സ്കൂൾ ഫൊട്ടക്കിൻ ഗ്രൂപ്പ്

20. സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുട്ടികളുടെ ദൈനം ദിന ജീവിതത്തിൽ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെ കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ്

21. ലഹരി വിമുക്ത കേരളം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളിൽ Zumba, Exercise, Sports എന്നീ ശീലങ്ങൾ നടപ്പാക്കൽ.

# പൊതു ലക്ഷ്യങ്ങൾ

* കുട്ടികളുടെ സമഗ്രമായ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ വിദ്യാലയം നിലനിൽക്കുന്ന പ്രദേശത്തിന്റെ പുരോഗതി.
* മലയോര മേഖലകളിലെ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.
* രാജ്യത്തിന്റെ അഭിമാനത്തിനും പുരോഗതിക്കും അനുയോജ്യമായ പൗരന്മാരെ വാർത്തെടുക്കുന്നതിനു മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തൽ.
* ശിശുപരമായ സമീപനത്തിലൂടെ ഗുണമേന്മയുള്ളതും തുല്യതയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തൽ.
* എൽ.കെ.ജി മുതൽ 4-10 ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തൽ
* സ്കൂളിന്റെ പുരോഗതിക്കുതകുന്ന വിധത്തിൽ സ്കൂൾ വികസന സമിതി, പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടന, എം.പി.ടി.എ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തൽ.
* അന്താരാഷ്ട്ര നിലവാരത്തിലേക്ക് സ്കൂളിനെ ഉയർത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

* പ്രദേശത്തിന്റെ പ്രത്യേകമായ സാമൂഹിക പിന്നാക്കാവസ്ഥ മുൻനിർത്തി കൗൺസിലിംഗ് സൗകര്യം സ്കൂളിൽ ഏർപ്പെടുത്തുക.
* സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതിനായി കലാ കായിക പ്രവൃത്തി പരിചയ മേളകളും ക്ലാസ്സുകളും സംഘടിപ്പിക്കുക.
* സ്കൂളിന്റെ സുവർണ്ണ കാലഘട്ടമെന്ന് വിശേഷിപ്പിക്കാവുന്ന ആരംഭ കാലഘട്ടങ്ങളിലെ കുട്ടികളുടെ എണ്ണത്തോളം സമാനമായ സ്ഥിതിയിലേക്ക് ഉയർത്തുക.
* എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുക.
* ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിക്കേണ്ട മികവാർന്ന ശേഷിയും ധാരണയും ഓരോ ക്ലാസ്സിലെയും കുട്ടികൾ നേടുന്നുണ്ടെന്നു ഉറപ്പു വരുത്തൽ.
* പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സ്കൂളിൽ രൂപപ്പെടുത്തുക.
* നാലാം ക്ലാസ്സ് കഴിഞ്ഞു പോകുന്ന കുട്ടികളെ മാതൃഭാഷ നന്നായി എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
* കുട്ടികൾക്ക് നല്ല പഠനാന്തരീക്ഷം നൽകാൻ മാതാപിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ.
* വ്യക്തിത്വ വികസനത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളും ക്ലാസ്സുകളും
* IT വിദ്യാഭ്യാസം നൽകുക.

# അക്കാദമികം

## നേട്ടങ്ങൾ

കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു. LSS ൽ മികച്ച വിജയം നേടാൻ കുട്ടികൾക്ക് സാധിച്ചു. 7-10 ക്ലാസ്സിൽ നിന്നും മികച്ച പഠനം നേടി തന്നെ കുട്ടികൾ പോകുന്നുണ്ട്. കുട്ടികളുടെ വിനോദത്തിനായി പാർക്ക് ലഭിച്ചു. പ്ലാസ്റ്റിക് മുക്തവും ഹരിതാഭവുമായ വിദ്യാലയം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ വേണ്ടി മാലിന്യ ശേഖരിക്കുവാൻ വേസ്റ്റ് ബോക്സ് നിർമ്മിച്ചു.

## പരിമിതികൾ

നിലവിൽ UP ക്ലാസ്സ് മുറികൾ ചോർന്നൊലിക്കുന്ന നിലയിലാണ്. തമിഴ്, മലയാളം മീഡിയം ഉള്ള സ്കൂൾ ആയതിനാൽ ആവശ്യമായ ക്ലാസ്സ് മുറികൾ ഇല്ല. സയൻസ് ലാബ്, ലൈബ്രറി, ഡൈനിങ് ഹാൾ എന്നിവയ്ക്കു പ്രത്യേകം മുറികൾ ഇല്ല. പുതിയ 8-10 ക്ലാസ്സ് മുറികൾ ആവശ്യമുണ്ട്. അന്വേഷണ-

നാടകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണമായ അർത്ഥത്തിൽ സ്വായത്തമാക്കാൻ പ്രത്യേക ലാബ് സൗകര്യം വേണം.

## കമ്പ്യൂട്ടർ പഠനം

കമ്പ്യൂട്ടർ പഠനമാണ് മറ്റൊരു പ്രധാന പദ്ധതി. ഈ അക്കാദമിക വർഷത്തിൽ കമ്പ്യൂട്ടർ പഠനം ഏറ്റവും മികച്ച രീതിയിൽ നൽകാൻ വേണ്ടി കമ്പ്യൂട്ടർ പഠനത്തിനായി 4 ലാപ്ടോപ്പുകൾ, 6 കമ്പ്യൂട്ടറുകൾ, മൂന്ന് പ്രൊജക്ടറുകളും, സ്ക്രീനും ഉപയോഗിച്ച് ക്ലാസ്സ് പ്രവർത്തനം നല്ല രീതിയിൽ നടക്കാൻ വേണ്ട മുന്നൊരുക്കങ്ങൾ ഏർപ്പെടുത്തി.

## പ്രവർത്തി പരിചയം

പ്രവർത്തി പരിചയമാണ് മറ്റൊരു പഠനമേഖല. സോപ്പ്, സോപ്പുപൊടി, വെജിറ്റബിൾ പ്രിന്റിങ്ങ് തുടങ്ങിയവയിലൂടെ കുട്ടികളുടെ കഴിവുകൾ മെച്ചപ്പെടുത്താൻ കഴിഞ്ഞു. നിലവിലുള്ള രണ്ട് തയ്യൽ മെഷീനുകൾ ഉപയോഗ ശൂന്യമായി കിടക്കുന്നതിനാൽ തയ്യൽ പരിശീലനം കൊടുക്കാൻ ആകുന്നില്ല. തയ്യൽ മെഷീൻ Repair ചെയ്യാൻ ഉണ്ട്.

## പുസ്തക വായന

അക്കാദമിക മേഖലയിൽ പുസ്തക വായനക്കാണ് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നത്. തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള പുസ്തകങ്ങൾ കൊണ്ട് സമ്പന്നമാണ് സ്കൂൾ ലൈബ്രറി നല്ല രീതിയിൽ പ്രവർത്തന സജ്ജമാണ് എന്നിരുന്നാലും പുസ്തകങ്ങൾ വച്ചിരുന്ന അലമാരകൾ ആന തകർത്തതിനാൽ പുസ്തകങ്ങൾ വയ്ക്കാൻ പരിമിതികൾ ഉണ്ട്. ഓരോ ക്ലാസ്സ്മുറിയിലും ലൈബ്രറി ഉള്ളതിനാൽ പാഠപുസ്തകത്തിൽ നിന്നും റഫറൻസ് പുസ്തകങ്ങൾ ഉപയോഗപ്പെടുത്തുന്നു. എന്നാൽ വായിക്കാനായി റീഡിങ് റൂം ഇല്ല എന്നതും ഇതിന്റെ പരിമിതിയാണ്.

## ചിത്രരചന

ചിത്രരചനയാണ് മറ്റൊരു പ്രധാനപ്പെട്ട മേഖല. ചിത്രരചനയിൽ വാസനയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് പ്രോത്സാഹനം നൽകുന്നുണ്ട്. ഓരോ ദിനാചരണങ്ങളിലും അതിനോടനുബന്ധിച്ച്. ചിത്രരചന സംഘടിപ്പിക്കാറുണ്ട്. ഇതിനാവശ്യമായ കളർ ബോക്സുകൾ, പെൻസിൽ തുടങ്ങിയവ സ്പോൺസർഷിപ്പിലൂടെ ലഭിച്ചിട്ടുണ്ട്

# സാമൂഹികം

പി.ടി.എ , എം.പി.ടി.എ , SMC , പഞ്ചായത്ത് എസ്.എസ്.ജി , എസ്.പി.ജി യുടെ സഹകരണവും പങ്കാളിത്തവും വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനത്തിലും ഉണ്ട്. ഓരോ ക്ലാസ്സുകാരും ക്ലാസ്സ് പി.ടി.എ വിളിച്ച് കുട്ടികളുടെ പഠന നിലവാരം വിലയിരുത്തുന്നു. ഓരോ രക്ഷിതാവിനും തന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പറയാൻ ക്ലാസ്സ് പി.ടി.എയിൽ അവസരം നൽകുന്നു. പി.ടി.എ , എം.പി.ടി.എ , പഞ്ചായത്ത്. ഈ നാട്ടിലെ പൊതുജനങ്ങൾ , പോലീസ് ഡിപ്പാർട്ടുമെന്റ്, വനംവകുപ്പ് തുടങ്ങിയവയുടെ സഹകരണത്തോടെ മദ്യത്തിനും, മയക്കുമരുന്നിനും എതിരെ ഒരു ബോധവൽക്കരണ ക്ലാസ്സും, മാസത്തിൽ രണ്ട് തവണ PHC യിൽ നിന്നും ആരോഗ്യ ശുചിത്വത്തെക്കുറിച്ച് ക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്.

# അസംബ്ലി

സ്കൂൾ അസംബ്ലിയാണ് ഈ വിദ്യാലയത്തിന്റെ മികവിന്റെ ഏറ്റവും വലിയ ഉദാഹരണം തമിഴ്, മലയാളം, ഹിന്ദി, ഇംഗ്ലീഷ് തുടങ്ങി നാല് ഭാഷകളിലാണ് ഇവിടത്തെ അസംബ്ലി നടക്കുന്നത്. ഓരോ ക്ലാസ്സുകാരെയും അസംബ്ലി നടത്താനായി ചുമതലപ്പെടുത്തുന്നു. ഓരോ ദിവസവും ഓരോ ഭാഷയിലാണ് അസംബ്ലി സംഘടിപ്പിക്കുന്നത്. ഇതിൽ കടങ്കഥ, കവിത, പഴഞ്ചൊല്ല്, തിരുക്കുറൽ, കുസൃതി ചോദ്യങ്ങൾ, ഇന്നത്തെ ചിന്താവിഷയം, പൊതുവിജ്ഞാനം ഉണ്ടാകും. ഒരു ദിവസം ചോദിച്ച ചോദ്യം അടുത്ത ദിവസം ഉത്തരം എഴുതി G.K ബോക്സിൽ ഇടുന്നു. മാസത്തിന്റെ അവസാനം ശരിയുത്തരം കൂടുതൽ കിട്ടിയ കുട്ടിയെ കണ്ടെത്തി പ്രോത്സാഹന സമ്മാനം നൽകുന്നു.

# ഭൗതികം

വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളിന് ചുറ്റുമതിൽ, നല്ല ക്ലാസ്സ് മുറികൾ, ബെഞ്ച്, ഡെസ്ക്, ബോർഡ് എല്ലാം ഈ വിദ്യാലയത്തിലുണ്ട്. മുറ്റം ടൈൽസ്സ് ഇടാൻ ഉണ്ട്. സ്കൂളിന്റെ upstair-ൽ Handdrill ഇല്ല. സ്കൂളിൽ വെള്ളത്തിന്റെ പ്രശ്നം എന്നത് രൂക്ഷമായതാണ്. പരിഹാരം ഇതുവരെ ലഭിച്ചിട്ടില്ല. വെള്ളം സ്ഥിരമായി കിട്ടാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ശക്തമായ് പി.ടി.എ ഇടപെടലുകളോടെ അപേക്ഷ നൽകിയിട്ടുണ്ട്. ഈ സ്കൂൾ നിലനിൽക്കുന്നത് മല പ്രദേശം ആയതിനാൽ മഴക്കാലം ആയാൽ രണ്ടും, മൂന്നും ദിവസം കറണ്ട് ഉണ്ടാവാറില്ല. പരിഹാരമായ് സോളാർ വൈദ്യുതി ആവശ്യമാണ്.

# പ്രവർത്തനം - വിശദാംശങ്ങൾ

## ഉപമേഖല - മലയാളം , തമിഴ് ഭാഷാപഠനം

### ഭാഷാശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കൽ ചിഹ്നം ഉറപ്പിക്കൽ പദനിർമ്മാണം വാക്യനിർമ്മാണം ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് | 1 വർഷം | മലയാളം/ തമിഴ് ടീച്ചർ, SRG |
| 2. 'തായ്മൊഴി' എന്ന പ്രവർത്തനത്തിലൂടെ കുട്ടികളിൽ കഥ, കവിത ശേഷി വികസനം | ക്ലാസ്സ് ലൈബ്രറി, പുസ്തകങ്ങൾ വായിച്ച് കഥ, കവിത എഴുതൽ | 1വർഷം | മലയാളം/ തമിഴ് ടീച്ചർ SRG |
| 3. എല്ലാ കുട്ടികൾക്കും സ്വതന്ത്ര വായനക്കാരാക്കുക. | ക്ലാസ്സ് വായന കൂട്ടം രൂപീകരിക്കൽ<br>ക്ലാസ്സ് ലൈബ്രറി നവീകരിക്കൽ<br>ക്ലാസ്സ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>ക്ലാസ്സ് റൂം വായന | 6 മാസം<br>1വർഷം<br><br>1വർഷം<br>6 മാസം | മലയാളം/ തമിഴ് ടീച്ചർ |

| | | | |
|---|---|---|---|
| 4. പത്രവായന പതിവ് പോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ ലഭ്യമാക്കൽ - ക്ലാസ്സ് മുറികളിൽ | ദിവസേന | മലയാളം/ തമിഴ്/ ഇംഗ്ലീഷ് ടീച്ചർ |
| 5. സർഗശേഷി വികസനം | വായനാനുഭവം പങ്കുവെയ്ക്കൽ ശില്പശാല (കഥ, കവിത, ചിത്രരചന) | വർഷത്തിൽ ഒരു തവണ | മലയാളം/ തമിഴ് ടീച്ചർ SRG |
| | | | |

## ഉപമേഖല - ഗണിതം L.P

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | 1. കളികൾ, ലൂഡോ, പാമ്പും കോണിയും മുതലായവ<br>2. മുത്തുമാല, കമ്പുകൾ, വിലവിവരപ്പട്ടിക, ഇവ ഉപയോഗിച്ച് ക്രിയകൾ രൂപീകരിക്കൽ | 3 മാസം | ഗണിത അധ്യാപിക |
| ഗണിത മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിക്കൽ<br>ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കൽ | ഓരോ തവണ | ഗണിത അധ്യാപിക |
| ഗണിത ലാബ് | ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുന്നു. | ആഴ്ചയിൽ ഒരിക്കൽ | ഗണിത അധ്യാപിക |
| ഗണിത ക്വിസ് | ഗണിതവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം ക്ലാസ്സിലും, രക്ഷിതാക്കൾക്ക് സ്കൂൾ തലത്തിലും നടത്തുന്നു | ഓരോ ടേമിലും | പി.ടി.എ<br>ഗണിത അധ്യാപിക |

## മേഖല - ഗണിതം UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | <u>ഗണിത ശില്പശാല</u><br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്) എന്നിവ ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2. രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | <u>ഒറിഗാമി ശില്പശാല</u><br>ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ ഗണിത ക്ലബ്ബിലെ അംഗങ്ങൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. ഗണിതം മധുരമാക്കൽ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് PTA |
| 5 ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | ഗണിത ക്ലാസ്<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകർ ക്ലബ് ലീഡർമാർ | പിടിഎ |
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ ചതുഷ്കോണുകൾ ടാൻഗ്രാം ജ്യോഗെബ്ര പോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്ന | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | അധ്യയന വർഷം മുഴുവൻ / ഒരു പിരീഡ് | ഗണിത അധ്യാപകർ<br>സമർത്ഥരായ കുട്ടികൾ | |
| 8. വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസത്തിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

# മേഖല - സയൻസ് UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | 1. നിശാഗന്ധി ജൈവ വൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>ഫോറസ്ട്രി ക്ലബ്ബ് | പിടിഎ |
| | 2. കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം പുഴയറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്ര അധ്യാപകർ<br>ഊർജ്ജ ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>ഫോറസ്ട്രി ക്ലബ്ബ് | രക്ഷിതാക്കൾ |
| | പരീക്ഷണക്കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ<br>ഊർജ്ജ ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>ഫോറസ്ട്രി ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശങ്ങൾ |
|---|---|---|---|---|
| | പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | | | |
| 2. ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | 1. മാസ്റ്റർ മൈന്റ് ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്രക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ ഊർജ്ജ ക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | |
| | 2. എക്സ്പ്ലോ - എക്സ്പ്ലോർ ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുവർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ, കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| 4. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ. | Atal Tinkering Laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും അവയുടെ ഐസോടോപ്പുകളും മറ്റും | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| | ത്രിമാന അപത്തിൽ കാണിച്ച് കൊടുക്കുന്ന ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം | | | |

# മേഖല - സാമൂഹ്യശാസ്ത്രം UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കാൻ നേടിയെടുക്കൽ | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരിക്ഷിക്കുന്നതിന് പ്രഹേളികൾ ഓരോ പഠിതാവിനും നൽകുന്നു | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | ഓർമച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകളുപയോഗിച്ച് Memory Test നടത്തുന്നു | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് - | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | | | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി താണ്ഡവം നേർക്കാഴ്ച<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ചെയ്യുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| 5. സഹജീവികളോട് സദ്ഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6. വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ചിലന്തി വലയിൽ നിന്ന് കുതിച്ചുചാട്ടം<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | | | |
| 7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | കാടെവിടെ മക്കളേ? (ഫീൽഡ്ട്രിപ്പ് സർവ്വേ) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽ കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8. സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക് സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ വാസ്തവിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിരീക്ഷണത്തെ കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ, ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. | |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | SRG |

## ഉപമേഖല - സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധിക വായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ അവ കാണാനും വായിക്കാനും സൗകര്യം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ<br>ആഴ്ചയിൽ ഒരു തവണ | സോഷ്യൽ സയൻസ് അധ്യാപിക |

# ഉപമേഖല – സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകളുടെ പരിശീലനം ഉറപ്പാക്കൽ | LSS, USS പോലുള്ള സ്കോളർഷിപ്പിന് ആവശ്യമായ പരിശീലനം എല്ലാ കുട്ടികൾക്കും ലഭ്യമാകുന്നു. | | |

# ഉപസംഹാരം

പൊതു വിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവ് പരിഹരിച്ചുകൊണ്ട് സ്വകാര്യവത്കരണത്തിന്റെ കുത്തകയിൽ നിന്നു വിദ്യാഭ്യാസരംഗത്തെ സംരക്ഷിക്കാനുള്ള നടപടിയാണ് എല്ലാം സെറ്റ്. ഇതിലൂടെ കുട്ടികളുടെ അക്കാദമികവും സ്കൂളിന്റെ ഭൗതികവും സാമൂഹികവും ആയ മികവ് വർദ്ധിപ്പിക്കാനുള്ള നിരവധി പ്രവർത്തനങ്ങളുടെ രൂപരേഖയാണ് അക്കാദമിക വികസനരേഖ. പിന്നോക്ക വിഭാഗത്തിന്റെ ഉന്നമനത്തിനായി ആരംഭിച്ച ഈ വിദ്യാലയം കുട്ടികളാൽ സമൃദ്ധമായിരുന്നു. ആ സുവർണ്ണ കാലഘട്ടത്തിലേക്കുള്ള തിരിച്ചു പോക്കിന്റെ എളിയശ്രമം അക്കാദമിക് വികസന രേഖയിലൂടെ ലക്ഷ്യമിടുന്നു. പ്രതീക്ഷാ നിർഭരമാണ് അക്കാദമിക വികസന രേഖ.